വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ആൻഡ് (ബി) എറണാകുളത്തെ കീഴ്ക്കോടതികളും തൃക്കാക്കര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന എറണാകുളം സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

(iii) UNSTARRED QUESTIONS AND ANSWERS

നന്നാക്കാതെ കിടക്കുന്ന റോഡുകൾ

50 [899] ശ്രീ. ജി. ഗോപിനാഥൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ–കൊല്ലകടവു മുതൽ വെൺമണി വഴി കുളനടയ്ക്കുള്ള റോഡ് കഴിഞ്ഞ കുറെ കൊല്ലങ്ങളായി നന്നാക്കാതെ കിടക്കുകകൊണ്ട് ഓടിക്കൊണ്ടിരുന്ന ബസ്സുകൾപോലും ഓടാത്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഏതാനും ദിവസങ്ങൾക്കു മുൻപ് ഈ റോഡിലെ ഒരു കേടു പറ്റിയ പാലത്തിൽവച്ച് ഒരു ബസ്സു മറിഞ്ഞ് രണ്ടാളുകൾ മൃതിപ്പെട്ടതിനെ പരിഗണിച്ച് അടിയന്തിരമായി ഈ റോഡ് നന്നാക്കുവാൻ ഉത്തരവു കൊടുക്കുമോ ?

ഉത്തരം

(എ) കൊല്ലകടവു–കുളനട റോഡിൽ കൊല്ലകടവിൽനിന്നും 5–ാം കിലോമീറ്റർ വരെ ഈ അടുത്ത കാലത്ത് റീമെറ്റൽ ചെയ്തതാണ്. ഈ റോഡു നന്നാക്കുന്നതിന് ഏകദേശം 5 ലക്ഷം രൂപ ചെലവു വരും. ഇതിനുവേണ്ടിയുള്ള എസ്റ്റിമേറ്റു തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) റോഡുപണി കഴിയുന്നതും വേഗം നടപ്പിലാക്കുന്നതാണ്.

സിവിൽ സ്റ്റേഷനുകൾ പണിയുന്ന കാര്യം

51 [908] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിൽ സിവിൽ സ്റ്റേഷനുകൾ പണിയുന്ന കാര്യമാണ് ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലുള്ളത് ;

(ബി) എറണാകുളം സിവിൽ സ്റ്റേഷൻെറ പണി ഉടനെ ആരംഭിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ.

(ബി) കഴിയുന്നതും വേഗം ആരംഭിക്കുന്നതാണ്.

தேவிகுளம் பகுதிகளில் புதிய தொழில் நிறுவனங்கள்

* 52. [914] ஸ்ரீ. என். கணபதி : கீழ் காணும் விஞ்ஞக்களுக்கு இன்டஸ்டிரீஸ் மந்திரி அவர்கள் விடை பகர்வார்களாக :

(எ) தேவிகுளம், பீர்மேடு ஆகிய தாலுகாக்களில் புதிய தொழில் நிறுவனங்கள் ஏதாவது அரசாங்கம் தொடங்க இந்த நடப்பு ஆண்டில் உத்தேசிக்கிறதா ;

LIBRARY ARCHIVES Kerala Legislative Assembly

(பி) அல்லது தனியார் யாருக்காவது இத்தகைய நிறுவனங்களை நிறுவ லீசன்சு நல்கியுள்ளதா ;

(சி) ஆயின் யாருக்கு எல்லாம் அவ்வாறு கொடுக்கப்பட்டுள்ளன என்று கூறலாமா ;

(டி) எங்ஙகங்கு என்னென்ன துறைகளில் கொடுக்கப்பட்டன என்று கூறலாமா ?

Answer

(*a*) Yes, in Private Sector.

(*b*) Government of India have issued a Letter of Intent to a Private Company.

(*c*) M/s Breweries India (P) Ltd.

(*d*) For setting up a Beer Factory at Peermade.

ശ്രീ. എ. വി. ആര്യൻ : സർ, എനിക്ക് ഒരു സബ്മിഷനുണ്ട്. ഇന്നലെ പത്തരമണിക്ക് ഞാൻ കാപ്പി കുടിക്കുന്നതിന് പുറത്തിറങ്ങിയിട്ട് തിരിയെ വരുമ്പോഴേ നിയമസഭയുടെ ഉമ്മറത്തുണ്ടായിരുന്ന ഒരു പോലീസ് ഇൻസ്പെക്ടർ എന്നെ തടഞ്ഞുനിർത്തുകയും, നിയമസഭാംഗം ആണെന്നു പറഞ്ഞിട്ടും കാർഡു പരിശോധിക്കണമെന്നു പറഞ്ഞ് അപമര്യാദയായി പെരുമാറുകയും ചെയ്തു. ഇവിടെ തങ്ങളാണ് എല്ലാ കാര്യങ്ങളും നോക്കുന്നതെന്നുള്ള നിലയിൽ വളരെ ധിക്കാരത്തോടുകൂടി പല വിവരക്കേടുകളും അദ്ദേഹം സംസാരിക്കുകയുണ്ടായി. ഈ വിവരം ഇന്നലെത്തന്നെ ഞാൻ അങ്ങയ്ക്ക് എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് വാതുക്കലുള്ള പോലീസുകാരെ ഒന്നു മാറ്റിയിട്ട് നിയമസഭയിൽത്തന്നെയുള്ളതായ ശിപായിമാരെയോ മറ്റാരെയെങ്കിലുമോ നിർത്തിയിട്ട് പാസ് പരിശോധിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യണം. അതല്ലെങ്കിൽ സഭാംഗങ്ങൾക്ക് അപമാനമാണ്. ഇത്തരത്തിലുള്ള വിവരംകെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ ഇവിടെ നിർത്തുന്നത് വളരെ മോശമാണ്. ഇക്കാര്യത്തിൽ അങ്ങ് കാര്യമായി ശ്രദ്ധിക്കണം. 9 A.M.

ശ്രീ. കെ. എം. ജോർജ്ജ് : ബഹുമാനപ്പെട്ട ആര്യൻ ഇവിടെ പറഞ്ഞത് ശരിയാണെങ്കിലും പോലീസുദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ആളെ മനസ്സിലാക്കാൻ പ്രയാസമുണ്ടാകാം. എങ്കിലും ശ്രീ. ആര്യന്റെ വികാരങ്ങളോടു ഞാനും പങ്കുചേരുന്നു. പക്ഷേ ബഹുമാനപ്പെട്ട സഭാമെമ്പറൻമാർക്ക് ഈ സഭയ്ക്കകത്തും പുറത്തും ജീവഭയം കൂടാതെ നടക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയിൽ അങ്ങും ബഹുമാനപ്പെട്ട സ്പീക്കറും എന്തെങ്കിലും ന്യായമായ നടപടികളെടുത്തിട്ടുണ്ടെങ്കിൽ അതു ഞങ്ങളേപ്പോലുള്ളവർക്ക് സ്വാഗതാർഹമാണെന്നും അതിനെതിരായി ആ ചുമതല ശിപായിമാരെ ഏൽപ്പിക്കണമെന്നു പറയുന്നത് സൂക്ഷിക്കണമെന്നും അതിൽ അപകടം പതിയിരിപ്പുണ്ടെന്നും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ഇതിനെ സംബന്ധിച്ച് അന്വേഷിക്കാം. ഇന്നലെത്തന്നെ ഞാൻ ഇക്കാര്യത്തെപ്പറ്റി വിളിച്ചുചോദിച്ചു. ആ സബ് ഇൻസ്പെക്ടറെ വരാൻ പറഞ്ഞിട്ടുണ്ട്. ചോദിച്ചതിനുശേഷം വേണ്ടതു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly